Ayes.

1	Mr. K. Ayyappan		9	Mr. A. I. Mani
2	,, A. Eachara Menon		10	,, K. Mohamed Seethi
3	,, E. Ikkanda Warriar		11	,, Paul Mampilli
4	,, C. N. Ittiravi Nambudiri		12	,, Popatlal Goverdhan Lalan
5	,, P. S. Kesavan Nambudiri		13	,, T. A. Ramachandra Ayyar
6	,, P. Krishna Menon		14	Dr. K. Sankara Menon
7	,, T. K. Nayar		15	Mrs. Swaris
8	,, P. Kumaran Ezhuthassan		16	Mr. K. P. Vallon

Noes.

Nil.

Government block remained neutral.

2. Jaggery Tapping.

Mr. P. Kumaran Ezhuthassan.—Sir, since sending up this resolution I understand from the Hon'ble Member in charge of Excise that there is absolutely no such difficulty experienced for obtaining license for jaggery tapping. Hence I do not move it.

Hence the following resolution was considered withdrawn.

Mr. P. Kumaran Ezhuthassan.—"*This Council recommends to the Government to do away with the existing necessity for obtaining a license for jaggery tapping*".

Resolutions withdrawn Nos. 3—4.

Deputy President.—The next 3 resolutions stand in your name.

Mr. P. Kumaran Ezhuthassan.—Sir, I don't move the 1st two.

Hence the following resolutions were considered withdrawn.

3. Mr. P. Kumaran Ezhuthassan.—"*This Council recommends to the Government that the rule requiring counter-signature of B form passes by the Forest Office for transport of timber from one survey number to another be deleted from the rules of the Forest Code*".

4. Mr. P. Kumaran Ezhuthassan.—"*This Council recommends to the Government to start a Land Mortgage Bank in the State*".

Compartmental System in Departmental Tests.

Deputy President.—The next resolution also stands in your name.

Mr. P. Kumaran Ezhuthassan.—Sir, the resolution runs thus:—"This Council recommends to the Government that in passing the Departmental Tests the Compartmental System be introduced with a view to minimise the hardship the Government servants have now to undergo,

The necessity for passing the necessary departmental tests for holding various appointments in the State service existed from very early days. But subsequent to the advent of the

LIBRARY ARCHIVES Kerala Legislative Assembly

present Diwan I think the rigour of that rule is more severely felt by the Government servants, because he on very good principles, insists upon the necessary departmental tests being passed by the candidate who is called upon for a post or for promotion as the case may be.

But in passing departmental tests, the Government servants experience a very great hardship, the hardship arising in this way. We have got very many subjects, three or four subjects for each test and the system that is now obtained is that if a candidate fails to secure the necessary percentage of marks in all the subjects that go to constitute the particular test or in one of the subjects the candidate does not secure the necessary percentage, he is said not only to have failed in that particular subject, but for the whole group which constitute the test concerned. But the existing system connives at the principle of compartmental system, for example, Standing Orders form a common subject for various tests and if a candidate who has passed one test completely, a test in which Standing Orders is one of its subjects, then that candidate has not to appear for Standing Orders again which is a subject of another group. There, I say, the principle of the compartmental system is already accepted by the Government. For such a Government it is not very difficult to extend the principle of compartmental system to one particular test or any particular tests, that is, in any particular departmental test which has got four or five subjects; if the candidate at the first instance gets through in one or two of the subjects, he need not be asked to sit for those subjects then for a second time. After all in passing the departmental test the point aimed at is that an officer must have a practical working knowledge of the various things that he has to do while he is an officer in any particular place. The system obtained in British parts as far as the examination itself is concerned, is one which allows the use of the text-books concerned in answering the questions. What is expected of the candidate is that on a particular question the candidate must know where he has to refer and where he has to lay his finger on. He must have read the book and he must have made an intelligent study of it so that he may easily pick up what is the requirement for the moment. That being the object of the present departmental tests, I fail to see why the Government insists upon the candidate appearing for all the subjects over and over again. In the case of some low-paid servants there is the financial question also. They have to pay the examination fees over again for the whole test. I had a letter the other day from a person who does not give his name, to the effect that he is an old

LIBRARY ARCHIVES Kerala Legislative Assembly

gentleman having put in a service of 25 years and having passed various subjects of various tests more than twice, but never got through in one of the subjects I do not speak for that gentleman alone, I am not here to plead the case of individuals, but my request to the Government is that the object of passing the departmental tests being what I have stated, and I think I have made a true statement of the thing, the Government may be pleased to accept the compartmental system. Even the other day we read in papers that even in the Law examinations the Syndicate of the Madras University has accepted the principle of compartmental system: That was the only and one of the most important examinations in which the compartmental system was not accepted. Even there they have accepted it now and I think it will not be too much on my part to request the Government to accept the compartmental system here which will benefit the whole of the Services.

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. പരീക്ഷ പാസ്സാകുന്ന കാലം എപ്പോഴും ഇല്ല. ഒരു പ്രായം കഴിഞ്ഞാൽ അതു പ്രയാസമാണു്. നമ്മുടെ റെവന്യൂമെമ്പരൊപോലെ പ്രായമായാലും ഓർമ്മശക്തി ക്ഷയിയ്ക്കാത്തവർ അധികം ഇല്ല. സാധാരണക്കാർ മറവുവിധത്തിലുള്ളവരാണു്. ഉദ്യോഗസ്ഥന്മാർക്കു അവരുടെ ജോലിയ്ക്കുതന്നെ സമയം മിക്കവാറും അവശ്യമാണു്. സാധാരണ ഫ്രീ മണിയ്ക്കാണു് ആഫീസ്സിൽ ഹാജരാകേണ്ടതെന്നു വെച്ചിട്ടുള്ളതെങ്കിലും വൈകുന്നേരം പോയാൽ വേലചെയ്യുന്ന പലരും ഉണ്ടു്. അതുകൊണ്ടു അധികം ജോലി ചിലർക്കുണ്ടു്. ഇതിനിടയ്ക്കു് പരീക്ഷയ്ക്കുകൂടി വായിയ്ക്കണമെന്നുവന്നാലുള്ള പ്രയാസമെത്രയെന്നു് ഓർത്തു നോക്കുക. ടെസ്റ്റുകൾ പാസാകണമെന്നു വെച്ചിട്ടുള്ളതു് ജോലിയുടെ നടപടി ക്രമങ്ങൾ മനസ്സിലായിരിയ്ക്കുവാൻ വേണ്ടിമാത്രമാണു്. അതിനു് എല്ലാവിഷയങ്ങളും ഒന്നിച്ചു പാസാകേണ്ടമാതിരിപ്പെടിസ്സജ്ഞാനം ആവശ്യമില്ല. ഉദ്യോഗസ്ഥന്മാരുടെ ഈ കാര്യത്തിലുള്ള വിഷമം ഞങ്ങളേക്കാൾ അധികം അറിയേണ്ടതു് ഗവൺമെൻറുതന്നെയാണു്. ഗവൺമെൻറിനു് അവരുടെ ഉദ്യോഗസ്ഥന്മാരോടു് ഈ കാര്യത്തിൽ സഹതാപമില്ലെന്നു വരുന്നതു കഷ്ടമായിരിയ്ക്കും.

Mr. K. Krishna Pisharodi.—Sir, I shall try to explain the exact situation in regard to the Departmental Tests Examination held now by the Government annually.

Even now a sort of compartmental system is existing in regard to the Departmental Tests Examination. The candidates appearing for any of the tests are exempted from examination on a subject which is comprised in any other test and which they have already passed. Again, candidates appearing for the Account Test and who fail to secure pass marks in C. A. C. Vol. II and the Account portions of Public Works etc., Codes

LIBRARY ARCHIVES Kerala Legislative Assembly

are considered to have passed the Civil Account Test provided they have secured a pass in Cochin Account Code Vol. I and the C. S. R. and also in the Standing Orders in any other test which they have already passed.

After all, our tests do not consist of several subjects, the number of papers not exceeding four in any test and those who have passed the Revenue and Civil Account Tests can easily pass in all the other tests by appearing for one subject more in most cases. I do not therefore think that any further compartmentalisation is feasible or necessary especially if we take into consideration that any further concessions in the direction proposed will mar the efficiency contemplated by the tests.

I may assure the Member that we are equally anxious to enable our officers to pass the tests as easily as possible and we have made every possible concession consistent with the maintenance of efficiency of the service.

Rao Sahib Mr. T. V. Kasturi Ranga Ayyar.—We have not received any complaints from our officers till now.

Mr. P. Kumaran Ezhuthassan.—They are afraid of you.

Rao Sahib Mr. T. V. Kasturi Ranga Ayyar.—Why! we are not tigers!!

മിസ്റ്റർ. കെ. മുഹമ്മദ് സീതി.—സർ, എന്റെ മാന്യസ്നേഹിതൻ പറഞ്ഞിട്ടുള്ളതുപോലെ പ്രായം വർദ്ധിച്ചാലും മനസ്സിക്കുറ്റിയുള്ള യാതൊരു കുറവുമില്ലാതേയുള്ള ഏതാനും ആളുകൾ നമ്മുടെ ഗവന്മെന്റിനെപ്പോലെ അപൂർവ്വമായിട്ടേ കാണുകയുള്ളൂ. മനുഷ്യർക്കു പ്രായം വർദ്ധിയ്ക്കുമ്പോൾ അവരുടെ മനസ്സുകുറിയ്ക്കു ക്രമേണ ദൌർബല്യം സംഭവിയ്ക്കുമെന്നുള്ളതു പ്രത്യക്ഷമാകുന്നു. വളരെ കാലം പൊതുജന സേവനത്തിലിരുന്ന കാലം കഴിച്ചിട്ടുള്ള ഗവർമ്മെൻറുദ്യോഗസ്ഥന്മാർക്കു വീണ്ടും ബാലഭാരത്തെ അനുസ്മരിപ്പിയ്ക്കുന്ന പരീക്ഷാ ക്ലേശം വേണമെന്നുവെച്ചു അവരെ വിഷമിപ്പിയ്ക്കുന്നതു് വളരെ വളരെ സങ്കടമാണു്. എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ ഇങ്ങനെയുള്ള വരോടു വാസ്തവത്തിൽ ഗവർമ്മെൻറധികൃതന്മാരാണു് കൂടുതൽ അനുകമ്പകാണിയ്ക്കേണ്ടതു്. പരീക്ഷകൾ ആളുകളുടെ യോഗ്യതയെ നിർണ്ണയിയ്ക്കുന്നതിനുള്ള നിരാക്ഷേപമായ ഒരു മാനദണ്ഡമല്ല. പരീക്ഷകൾ പാസായ എത്രയോ മണ്ടന്മാരേയും, പാസാകാത്ത പരമയോഗ്യന്മാരേയും നാം കാണുന്നുണ്ടു്. എന്തെങ്കിലും ഒരു പരീക്ഷണം കൂടാതെ നാം എന്തുചെയ്യും? എന്നു് ചോദിയ്ക്കുമായിരിയ്ക്കും. എന്നാൽ ചിലസംഗതികളിൽ ഒരു മാനദണ്ഡമായിട്ടു് പരീക്ഷകൾ വേണ്ടിവന്നിട്ടുള്ളതാണു്. മുമ്പുതന്നെ വളരെ ശ്രമപ്പെട്ടു പഠിച്ചു പാസായി ജീവിതപരീക്ഷയിൽ കിടന്നു കഴങ്ങുന്നവർ വീണ്ടും വീണ്ടും ബുദ്ധിമുട്ടി

LIBRARY ARCHIVES Kerala Legislative Assembly

പഠിച്ചു പരീക്ഷയിൽ ചേർന്നു പാസാകണമെന്നു നിർബ്ബന്ധിയ്ക്കുന്നതു് വളരെ സങ്കടമാണു്. അതുകൊണ്ടു് ഇക്കൊയ്ത്തിൽ വളരെ അനുകൂലങ്ങളെല്ലാം ചെയ്തിട്ടുണ്ടെന്നു് ധനകാര്യമെമ്പർ പറയുകയുണ്ടായി. എന്നാൽ ആ അനുകൂലങ്ങളൊന്നും മതിയാകുന്നില്ലെന്നാണു് വളരെ സങ്കടത്തോടുകൂടി എനിയ്ക്കു പറയുവാനുള്ളതു്. എന്തുകൊണ്ടാണു്. തങ്ങളുടെ സങ്കടം മേലുദ്യോഗസ്ഥന്മാരുടെ മുമ്പിൽ കീഴുദ്യോഗസ്ഥന്മാർ ഇവിടെ പ്രദർശിപ്പിയ്ക്കാതിരിയ്ക്കുന്നതെന്നു ചോദിച്ചാൽ കീഴ് ഉദ്യോഗസ്ഥന്മാരോടു് അനുകൂലമുള്ളവരാണു് ഇവിടത്തെ ഡിപ്പാർട്ടുമെൻറിലെ മേലധികാരികൾഎന്നു് അവർക്കു് (മേലുദ്യോഗസ്ഥന്മാർക്കു്) വിശ്വാസമുണ്ടെങ്കിലുംഅവരുടെ മുമ്പിൽ സങ്കടം പറയുവാൻ ധൈര്യമില്ലാത്ത കീഴുദ്യോഗസ്ഥന്മാർ അധികമുള്ളതുകൊണ്ടു് ഈ സംഗതിയിൽ കീഴുദ്യോഗസ്ഥന്മാരെക്കാണിയ്ക്കാതെതന്നെ മേലധികാരികൾ അവരുടെ ബുദ്ധിമുട്ടുകളെ മനസ്സിലാക്കി അവയെ പരിഹരിയ്ക്കുവാൻ ശ്രമിയ്ക്കുകയാണു് വേണ്ടതു്. ഈ സംഗതി ഗവർമ്മെൻറിനെ ധരിപ്പിയ്ക്കുവാൻ കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തോടു ഗവർമ്മെൻറു് കൂറച്ചുകൂടി അനുകൂലബുദ്ധി പ്രദർശിപ്പിയ്ക്കണമെന്നപേക്ഷിച്ചുകൊണ്ടു വിരമിയ്ക്കുന്നു.

മിസ്റ്റർ ടി. കെ. നായർ.—ഈ കമ്പാർട്ടുമെൻറൽ സിസ്റ്റം അനുവദിച്ചതുകൊണ്ടു് എന്താണു് ദോഷമെന്നു എനിയ്ക്കു മനസ്സിലാകുന്നില്ല. എഫിഷ്യൻസിയ്ക്കായിട്ടുമാത്രമാണു് ഇപ്പോൾ ഈ പരീക്ഷ വെച്ചുരിയ്ക്കുന്നതു്. പത്തു വിഷയം ഒരാൾ പാസാകണമെന്നു വിചാരിയ്ക്കുക ആപത്തും ഒരുസമയത്തു പാസാകണമെന്നും, ഒരു കൊല്ലത്തിൽ രണ്ടോ നാലോ വിഷയത്തിൽ പാസായാലും വീണ്ടും തോറ്റ വിഷയങ്ങൾക്കു് പരീക്ഷയ്ക്കു പോകുന്ന കൂട്ടത്തിൽ ജയിച്ച വിഷയങ്ങൾക്കും പരീക്ഷയ്ക്കു പോകണമെന്നു പറയുന്നതിന്റെ ഉദ്ദേശം മനസ്സിലാകുന്നില്ല. വിദ്യാർത്ഥികൾക്കു കൂടി കമ്പാർട്ടുമെൻറൽ സിസ്റ്റം ഏർപ്പാടുചെയ്തിരിയ്ക്കുന്ന സ്ഥിതിയ്ക്കു് പകൽ മുഴുവനും അധികജോലിയുള്ള സമയം രാത്രിയുംകൂടി പണിയെടുത്തു കഷ്ടപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കു് കമ്പാർട്ടുമെൻറൽ സിസ്റ്റം അനുവദിയ്ക്കാത്തതു് വളരെ കഷ്ടമാണു്. ഒരു വിഷയത്തിൽ പാസായാൽ വീണ്ടും ആ വിഷയത്തിനു് പരീക്ഷയ്ക്കു പോകാതിരുന്നാൽ efficiency ക്കു് വല്ല കുറവും ഉണ്ടോ? ഉദ്യോഗസ്ഥന്മാർ അധികജോലിയ്ക്കു് അറിഞ്ഞിരിയ്ക്കേണ്ടതായ വിഷയങ്ങൾ അറിഞ്ഞിരിയ്ക്കണമെന്നല്ലാതെ ഒരുസമയത്തു എല്ലാവിഷയത്തിലും പാസാകണമെന്നു നിർബന്ധിക്കുന്നതു് അന്യായമാണു്. ഒരുസമയത്തു് എല്ലാവിഷയത്തിലും പാസാകാത്തതുകൊണ്ടു് പാസായ വിഷയത്തിൽ സമ്പാദിച്ചിട്ടുള്ള അറിവിനു് കുറവുണ്ടോ?. ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു് മെമ്പർ ഇതിനെ ഇവിടെ പ്രസ്സു് ചെയ്യുന്നപക്ഷം അനുദ്യോഗസ്ഥ സാമാജികന്മാർ എല്ലാവരും

LIBRARY ARCHIVES Kerala Legislative Assembly

ഈ അഭിപ്രായത്തോടു യോജിയ്ക്കുമെന്നാണ് എന്റെ ബോദ്ധ്യം. എല്ലാവിഷയങ്ങളും ഒരുസമയത്തുതന്നെ പാസാകണമെന്ന് നിർബന്ധിയ്ക്കുന്നപക്ഷം അവക്ക് ഒരു കൊല്ലത്തെ അവധി രണ്ടുമാസത്തോടുകൂടി കൊടുത്തു പാസ്സാക്കണമെന്നു പറഞ്ഞാൽ തീച്ചയായും എല്ലാവരും എല്ലാ വിഷയവും ഗവൺമെന്റിന്റെ നിശ്ചയപ്രകാരം പാസാകും. അങ്ങിനെ ചെയ്യാതെ പകലും രാത്രിയും അവരെകൊണ്ടു പണിയെടുപ്പിച്ച് ഒടുവിൽ ഈ പരീക്ഷകളെല്ലാം ഒരേ സമയത്തുതന്നെ പാസാകണമെന്നു പറയുന്നതു് ശരിയല്ല.

റാവു് സാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—അങ്ങിനെയൊന്നുമില്ലേ.

മിസ്റ്റർ ടി. കെ. നായർ.—ചിലസ്ഥലങ്ങളിൽ അങ്ങിനെയുമുണ്ടു്. എന്റെ ആഫീസിൽ ക്ലാർക്കന്മാർ പോരാഎന്നു പറയാത്ത വകുപ്പദ്ധ്യക്ഷന്മാർ ആരെങ്കിലും ഉണ്ടോ? ജോലി അധികമില്ലെന്നു് ഇപ്പോഴം മാത്രം പറഞ്ഞതുകൊണ്ടു് അവരുടെ ജോലിയ്ക്കു കുറവുണ്ടാകുമോ? പകൽ മുഴുവനും, പോരെങ്കിൽ രാത്രിയും ജോലിയെടുത്തു കഷ്ടപ്പെടുന്നവരെ സഹായിയ്ക്കുകയാണ് വേണ്ടതു്. രണ്ടുമാസം കൂടുതൽ കൊടുത്തു് സഹായിയ്ക്കണമെന്നല്ല പറയുന്നതു്. ചില പരീക്ഷകൾ പാസാകണമെന്നു നിർബ്ബിയ്ക്കുന്നുണ്ടു്. അതുകൾ പാസ്സാകേണ്ടെന്നും വാദമില്ല. ഒരേസമയത്തു് വേണ്ടെന്നു വയ്ക്കണമെന്നു മാത്രമേ അപേക്ഷയുള്ളു, അതിനും വിസമ്മതിയ്ക്കുന്നതു് ഒരിയ്ക്കലും ന്യായമല്ല.

മിസ്റ്റർ കെ. കൃഷ്ണപിഷാരോടി.—ഒരു ടെക്സ്റ്റിനുള്ള മിക്കവിഷയങ്ങളും തമ്മിൽ ബന്ധമുള്ളതുകൊണ്ടാണ് അവ ഒന്നിച്ചു പാസ്സാകണമെന്നു വെച്ചിട്ടുള്ളതു്. അക്കൂട്ടത്തിൽ ടെക്സ്റ്റിനുള്ള നാലുവിഷയങ്ങളും വളരെ ചേർന്നിരിയ്ക്കുന്നവയാണ്. യൂനിവേർസിറ്റിയിൽ ഇംഗ്ലീഷിനു് ഒരുകൊല്ലം ഷേക്സ്പിയർ പാസ്സായാൽ പിന്നെത്തെകൊല്ലം തോറ്റ മൈനർ പോയംസിനോ പ്രൊസിനോമാത്രം പോയാൽ മതിയെന്നുള്ള ഏർപ്പാടില്ല. ഞങ്ങൾക്കു് ഈ പരീക്ഷയുടെ ബുദ്ധിമുട്ടു് ഇത്രമാത്രമേ ഉള്ളു എന്നു നല്ലപോലെ അറിയാം. ചിലർ ഈ വാദ്ധ്യകാലത്തു് പോയി പാസ്സാകാൻ ബുദ്ധിമുട്ടാണെന്നു പറയുകയുണ്ടായി. ഈ ചട്ടം വളരെ മുമ്പുതന്നെ ഉള്ളതായിരുന്നു. ചെറുപ്പകാലത്തുതന്നെ പാസ്സാകാമായിരുന്നു. ടെക്സ്റ്റ് പാസാകാൻ കഴിയുന്ന എളുപ്പങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ടു്. പ്രമേയത്തിൽ പറയുന്ന പോലെയുള്ള സൌകര്യം ചെയ്യേണ്ടുന്ന ആവശ്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരൻ എഴുത്താശാൻ.—ഗവൺമെന്റു് ഭാഗത്തു നിന്നും രണ്ടാമതു കിട്ടിയ മറുപടികൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ നിർബ്ബന്ധമായി പാസ്സാക്കി കിട്ടുമോയെന്നു പരീക്ഷിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നതു്. കഴിയുന്നിടത്തോളമുള്ള ആനുകൂല്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യകൊടുക്കുന്നുണ്ടെന്നു ആ ഭാഗത്തുനിന്നും പറഞ്ഞുകേൾക്കുന്നു. എന്നാൽ ആ വക ആനുകൂല്യങ്ങൾ എന്താണെന്നു് ഇപ്പോൾ ചോദിയ്ക്കേണ്ട ആവശ്യമില്ല. ധനകാര്യമന്ത്രി ഇപ്പോൾ രണ്ടാമതു മറുപടി പറഞ്ഞുവരവെ ഇനിയും ആനുകൂല്യങ്ങൾ നല്കുകയാണെങ്കിൽ അതു് ഇംഗ്ലിഷ് പരീക്ഷയ്ക്കു് ഷേക്സ്പിയർ പാസ്സായതു ബാക്കി ഭാഗങ്ങൾ പിന്നീടു പാസ്സായാൽ മതി എന്നു പറയുന്നതുപോലെയായിരിയ്ക്കുമെന്നും മറ്റും വലിയ ഹാസ്യമായ നിലയിൽ പറഞ്ഞു കേട്ടു.

മിസ്റ്റർ കെ. കൃഷ്ണപിഷാരോടി.—ഞാൻ പറഞ്ഞതിൽ അശേഷം ഹാസ്യമില്ല എന്റെ അനുഭവമാണു് ഞാൻ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരൻ എഴുത്താശാൻ.—എന്നായ്ക്കൂ് അതു കേട്ടിട്ടു ഇവ രണ്ടും തമ്മിൽ അന്യോന്യം യോജിയ്ക്കാത്ത വിഷയമാണെന്നു തോന്നുന്നു. ഇതിനേക്കാൾ എത്രയൊ വലിയ ഉദാഹരണങ്ങൾ വേണമെങ്കിൽ ഇതിൽ പറയുവാനുണ്ടായിരുന്നു ഇങ്ങനെ ഒരു പരീക്ഷവച്ചിട്ടുള്ളതിന്റെ ഉദ്ദേശം തന്നെ സകലവിധത്തിലും ഉള്ള വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടു് ഉദ്യോഗം കിട്ടുവാനല്ല. ഇതു B. A. യൊ, B. L. ഓ പാസ്സാകുന്നതുപോലൊന്നുമല്ല. ഇതിൽഏതെങ്കിലും ഒരുസ്ഥാനത്തുനിന്നും ഒരു വിഷയത്തെകുറിച്ചു ഒരു കടലാസു വന്നാൽ അതിനെപറ്റിഎങ്ങിനെയെല്ലാമാണ് നടത്തേണ്ടതെന്നു അറിയേണ്ട ആവശ്യമേയുള്ളു. നേരെമറിച്ചു്, അവയെല്ലാംകൂടി കൂട്ടിച്ചേർത്തു ഒന്നായിട്ടു പാസാകണമെന്നുപറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അതു് എന്റെ ബുദ്ധിശൂന്യത കൊണ്ടാവാം. എന്നുവരികിലും മണ്ടനായ എന്റെ ഭാഗത്തും വളരെ അധികം ആളുകൾ മണ്ടന്മാരിൽതന്നെ ഉണ്ടു്. അതുപോലെ ഈ കൊച്ചി ഗവർമ്മെൻറു സർവ്വീസിലും മണ്ടപോരാത്ത ആളുകൾ വളരെ അധികമുണ്ടെന്നു മനസ്സിലായി. ഇതു ഏതുവിധത്തിലായാലും ഇതിന്റെപ്രിൻസിപ്പൽ അക്സപ്റ്റു ചെയ്യുവാൻ ഗവർമ്മെൻറുതയ്യാറായാൽ പിന്നെവലിയ അബദ്ധമൊന്നുമില്ല. ഏതിനും ഭിന്നാഭിപ്രായമുണ്ടെങ്കിൽ അതിനെ ശരിപ്പെടുത്തുവാൻ കുറച്ചു ബുദ്ധിമുട്ടാണു്. അതുകൊണ്ടു ഗവർമ്മെൻറു് കഴിയുന്നതും ദയവായി കീഴിലുള്ള ഉദ്യോഗസ്ഥന്മാരെകൊണ്ടു ഇപ്രകാരം ബുദ്ധിമുട്ടിപ്പിയ്ക്കാതെ കഴിയ്ക്കണമെന്നും, ഈ അപേക്ഷയെ സ്വീകരിയ്ക്കണമെന്നും, എനിയ്ക്കപേക്ഷയുണ്ടു് പ്രത്യേകിച്ചും ഈ ഗവർമ്മെൻറിനു് അനുദ്യോഗസ്ഥഭാഗത്തോടു അനുകൂലമുണ്ടെങ്കിൽ ഇതിനെ വേണ്ടവണ്ണം ചെയ്തതരുമെന്നുവിശ്വസിയ്ക്കുന്നു. ഇപ്പോൾ അനുദ്യോഗസ്ഥഭാഗത്തുള്ളവർ എന്നോടു് അനുകൂലിയ്ക്കുന്നവരായി എണ്ണത്തിൽ ധാരാളമുണ്ടെന്നുള്ളതോർക്കുമ്പോൾ—എല്ലാവരുടേയും മുഖംനോക്കുമ്പോൾ അവർ എനിയ്ക്കെതിരായി പോട്ട

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയില്ലെന്നു പ്രതിക്ഷിപ്പെടുന്നതുകൊണ്ടു്—ഞാൻ ഈ റസല്യൂഷനെ പ്രസ്സുചെയ്യുകതന്നെ ചെയ്യുന്നു.

The resolution was put to votes and carried Government remaining neutral.

6. Salaries cut.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്:—"In view of the present economic depression this Council recommends to the Government to adopt a cut in the salaries of officers drawing Rs. 100 and above on the following scale:—

Rs. 100—250 at 7½ %.
Rs. 250—400 at 10 %
Rs. 400—600 at 12½%
Rs. 600 and above at 12½%

ഇപ്പോഴുള്ള ക്ഷാമത്തെപ്പറ്റി ഗവൺമെൻറിനെ പറഞ്ഞു ധരിപ്പിയ്ക്കേണ്ടതായ യാതൊരുചുമതലയും എനിയ്ക്കില്ലഎന്നു ഞാൻ വിശ്വസിയ്ക്കുന്നു. ഗവൺമെൻറിൽനിന്നു് പല അവസരങ്ങളിലും ഞങ്ങളുടെ ആവശ്യങ്ങൾക്കു മറുപടി തന്നിട്ടുള്ളതുകൊണ്ടുതന്നെ പണത്തിനു ക്ഷാമം ധാരളമുണ്ടെന്നു തെളിയുന്നുണ്ടു്. ഒരു സമയത്തിലും പണത്തിനു ബുദ്ധിമുട്ടാണു്എന്നു് ഗവൺമെൻറു പറയാതിരുന്നിട്ടില്ല. ഈ പണത്തിന്റെ ക്ഷാമം ഞങ്ങളുടെ ആവശ്യങ്ങൾക്കുമാത്രമല്ലാതെ ഗവൺമെൻറിനു മറുസംഗതികളിലൊന്നും ഇതുവരെ ബാധിച്ചുകാണുന്നില്ല. നാട്ടുകാരുടെ ആവശ്യത്തിനു മാത്രം പണമില്ലെന്നും,മറുചിലകാര്യങ്ങൾക്കെല്ലാം ധാരാളം പണം ചിലവിടുന്നുണ്ടെന്നും ഗവൺമെൻറിന്റെപ്രവൃത്തികൊണ്ടുകാൺനുണ്ടു്.നാട്ടുകാരുടെആവശ്യങ്ങൾക്കു് പണമില്ല എന്നുവരികിൽ പണമുണ്ടാക്കാൻ എന്താണു വഴിയെന്നു നോക്കണം. അതിനു് നികുതിവർദ്ധിപ്പിയ്ക്കാനാണു് ഗവൺമെൻറു തുടങ്ങുന്നതെങ്കിൽ ഞങ്ങൾ നികുതി കൂട്ടി തരുവാൻ തയ്യാറില്ല. ഞങ്ങളുടെ ആവശ്യങ്ങൾക്കു പണം എങ്ങിനെയാണുണ്ടാക്കേണ്ടതു് എന്നു ഗവൺമെൻറു നല്ലവണ്ണം ആലോചിച്ചിരുന്നുവെങ്കിൽ ധാരാളമുണ്ടാകുമായിരുന്നു. ആവശ്യമില്ലാത്തതിനെല്ലാം കൂടുതൽ ചിലവിടുവാൻ ഗവൺമെൻറു തയ്യാറാണു്. നാട്ടുകാർക്കു വേണ്ടതിനുമാത്രം പണമില്ലെന്നും, മറെറല്ലാസംഗതികൾക്കും പണം ധാരാളമുണ്ടെന്നും ഞങ്ങൾക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. നാട്ടുകാരുടെ ആവശ്യങ്ങൾക്കു പണമില്ലെങ്കിൽ ഉണ്ടാവാനുള്ള മാർഗ്ഗവും ഞങ്ങൾതന്നെ കാണിച്ചുതരാം. പണമുണ്ടാക്കുവാൻ ചിലവു കുറക്കുക; വരവു് അധികരിയ്ക്കുവാൻ മാർഗ്ഗമുണ്ടെങ്കിൽ നോക്കുക; ഈ ഒരൊറെറ പണി മാത്രമേയുള്ളു. ഇവിടെ വരവു കൂട്ടുവാൻ തല്ക്കാലം മാർഗ്ഗമില്ലാത്തസ്ഥിതിയ്ക്കു് ചി

LIBRARY ARCHIVES Kerala Legislative Assembly